പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1792 — 12.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ബസ് സർവ്വീസുകൾ


ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ സൂപ്പർ ഫാസ്റ്റ് ബസ് സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്. ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്. ആർ.ടി.സി.യുടെ 257 സൂപ്പർഫാസ്റ്റ് സർവ്വീസുകളുടെ ട്രിപ്പുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. എന്നാൽ ഹ്രസ്വദൂര യാത്രക്കാർ കൂടുതലായി ആശ്രയിക്കുന്ന നിലവിലുള്ള ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ സർവ്വീസുകളുടെ സമയക്രമം പുനഃക്രമീകരിച്ചിട്ടില്ലാത്തതാണ്. ടി ക്രമീകരണത്തിലൂടെ ഹ്രസ്വദൂര യാത്രക്കാർക്ക് യാത്രാബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഫാസ്റ്റ് പാസഞ്ചർ ബസുകൾ രണ്ടു ജില്ലയിൽ കൂടുതൽ ദൂരത്തിൽ ഓടിക്കണ്ട എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും | അത്തരത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ ഇല്ലാത്ത ബസ് സർവ്വീസുകൾ ആരംഭിക്കാൻ ആലോചനയുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ